## പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 ഫെബ്രുവരി 5, വ്യാഴം

**നമ്പർ 202**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് സഭാ നടപടികളുമായി നിസ്സഹരിക്കുകയാണെന്നും നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷ സമരം തുടരുമെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചു. തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ മുദ്രാവാക്യം വിളിയ്ക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ചോദ്യോത്തരവേളയുടെ തുടർന്നുള്ള നടപടികൾ നിർത്തി വയ്ക്കുന്നതായും സ്പീക്കർ സഭയെ അറിയിച്ചു.]

ശ്രദ്ധ ക്ഷണിക്കൽ :

(1) വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനും തലസ്ഥാന നഗരത്തിലെ ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അനിവാര്യമായ നിർദ്ദിഷ്ട വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. ജോയി പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തുകയും മറുപടി മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു .

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നതിനാൽ കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

KNPP.266/2026.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. എ. സി. മൊയ്തീൻ | വോട്ടർ പട്ടിക തീവ്ര പരിഷ്കരണം (SIR) സംബന്ധിച്ചുള്ള ഗവ. നിലപാട് | മുഖ്യമന്ത്രി |
| 2. | ശ്രീ. ടി. പി. രാമകൃഷ്ണൻ | ചെറുവണ്ണൂർ പെരിഞ്ചേരി ക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് പുനരുദ്ധാരണം | ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. ആന്റണി ജോൺ | കോതമംഗലം കോട്ടപ്പടിയിലെ ആനശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 5. | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരി സഹകരണ നേഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 6. | ശ്രീ. ജി. എസ്. ജയലാൽ | ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂരിലുള്ള ഭൂമി പ്രയോജനപ്പെടുത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7. | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴയിലെ വാരണി പാലം പുനർനിർമ്മാണം | പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8. | ശ്രീ. കെ. ബാബു (നെന്മാറ) | മംഗലം ഗോവിന്ദാപുരം സംസ്ഥാനപാത അഭിവൃദ്ധിപ്പെടുത്തലും നെന്മാറ, കൊല്ലങ്കോട് ബൈപ്പാസുകളുടെ നിർമ്മാണവും | പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 9. | ശ്രീമതി യു. പ്രതിഭ | കായംകുളത്ത് ഉയരപ്പാത, അടിപ്പാതകൾ, ഫുട് ഓവർ ബ്രിഡ്ജുകൾ എന്നിവയുടെ നിർമ്മാണം | പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. എസ്. അരുൺ കുമാർ | മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന മേശപ്പുറത്ത് വച്ചു.

മേശപ്പുറത്തു വച്ച കടലാസ്സുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

i) ചട്ടം 166(1) പ്രകാരമുള്ള മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 1348/2025 | ജി.ഒ.(പി)നം.16/2025/പി&എ.ആർ.ഡി. | 28-11-2025 |
| 2. | 5/2026 | ജി.ഒ.(പി)നം.17/2025/പി&എ.ആർ.ഡി. | 13-12-2025 |
| 3. | 73/2026 | ജി.ഒ.(ആർ.ടി.)നം.265/2026/ഹോം | 21-1-2026 |
| 4. | 76/2026 | ജി.ഒ.(എം.എസ്.)നം.12/2026/ഹോം | 22-1-2026 |
| 5. | 80/2026 | ജി.ഒ.(പി)നം.10/2026/ഹോം | 23-1-2026 |
| 6. | 103/2026 | സ.ഉ.(അച്ചടി)2/2026/പി&ഇ.എ. | 28-1-2026 |
| 7. | 126/2026 | ജി.ഒ.(എം.എസ്.)നം.16/2026/ഹോം | 30-1-2026 |
| 8. | 10/2026 | ജി.ഒ.(പി)നം.1/2026/ടി.ഡി. | 1-1-2026 |
| 9. | 99/2026 | ജി.ഒ.(പി)നം.9/2026/ടാക്സസ് | 27-1-2026 |

| | | | |
|---|---|---|---|
| 10. | 1201/2025 | ജി.ഒ.(പി)നം.418/2025/ആർ.ഡി. | 14-10-2025 |
| 11. | 90/2026 | ജി.ഒ.(പി)നം.32/2026/ആർ.ഡി. | 21-1-2026 |
| 12. | 96/2026 | സ.ഉ.(അച്ചടി)നം.40/2026/റവ. | 23-1-2026 |
| 13. | 114/2026 | ജി.ഒ.(പി)നം.11/2026/ടാക്സസ് | 29-1-2026 |
| 14. | 111/2026 | ജി.ഒ.(പി)നം.12/2026/ടാക്സസ് | 29-1-2026 |
| 15. | 63/2026 | ജി.ഒ.(പി)നം.2/2026/ട്രാൻസ് | 17-1-2026 |
| 16. | 68/2026 | ജി.ഒ.(പി)നം.3/2026/ട്രാൻസ് | 20-1-2026 |
| 17. | 1329/2025 | ജി.ഒ.(പി)നം.167/2025/കോ-ഓപ്പ്. | 25-11-2025 |
| 18. | 2/2026 | ജി.ഒ.(പി)നം.179/2025/കോ-ഓപ്പ്. | 31-12-2025 |
| 19. | 3/2026 | ജി.ഒ.(പി)നം.3/2026/കോ-ഓപ്പ്. | 1-1-2026 |
| 20. | 16/2026 | ജി.ഒ.(പി)നം.5/2026/കോ-ഓപ്പ്. | 5-1-2026 |
| 21. | 17/2026 | ജി.ഒ.(പി)നം.178/2025/കോ-ഓപ്പ്. | 31-12-2025 |
| 22. | 18/2026 | ജി.ഒ.(പി)നം.2/2026/കോ-ഓപ്പ്. | 1-1-2026 |
| 23. | 53/2026 | ജി.ഒ.(പി)നം.6/2026/കോ-ഓപ്പ്. | 6-1-2026 |
| 24. | 67/2026 | ജി.ഒ.(പി)നം.14/2026/കോ-ഓപ്പ്. | 19-1-2026 |
| 25. | 74/2026 | ജി.ഒ.(പി)നം.13/2026/കോ-ഓപ്പ്. | 19-1-2026 |
| 26. | 75/2026 | ജി.ഒ.(പി)നം.12/2026/കോ-ഓപ്പ്. | 19-1-2026 |
| 27. | 86/2026 | സ.ഉ.(അച്ചടി)നം.2/2026/മ.ു.വ. | 21-1-2026 |

| | | | |
|---|---|---|---|
| 28. | 100/2026 | ജി.ഒ.(പി)നം.16/2026/കോ-ഓപ്പ് | 22-1-2026 |
| 29. | 101/2026 | ജി.ഒ.(പി)നം.18/2026/കോ-ഓപ്പ് | 24-1-2026 |
| 30. | 112/2026 | ജി.ഒ.(പി)നം.17/2026/കോ-ഓപ്പ് | 23-1-2026 |
| 31. | 130/2026 | ജി.ഒ.(പി)നം.19/2026/കോ-ഓപ്പ് | 2-2-2026 |
| 32. | 85/2026 | ജി.ഒ.(പി)നം.3/2026/എൽ.ബി.ആർ. | 17-1-2026 |
| 33. | 87/2026 | ജി.ഒ.(പി)നം.4/2026/എൽ.ബി.ആർ. | 17-1-2026 |
| 34. | 108/2026 | ജി.ഒ.(പി)നം.5/2026/എൽ.ബി.ആർ. | 24-1-2026 |
| 35. | 115/2026 | ജി.ഒ.(പി)നം.6/2026/എൽ.ബി.ആർ. | 30-1-2026 |
| 36. | 204/2020 | ജി.ഒ.(പി)നം.12/2020/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 14-3-2020 |
| 37. | 27/2026 | ജി.ഒ.(പി)നം.100/2025/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 19-10-2025 |
| 38. | 21/2026 | ജി.ഒ.(പി)നം.1/2026/എഫ്&സി.എസ്.ഡി. | 1-1-2026 |

ii) ചട്ടം 166(ബി) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1. | കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 2. | കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി | 2021-2022 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 3. | കേരള അഗ്രോ ബിസിനസ് കമ്പനി ലിമിറ്റഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |

iii) ചട്ടം 47 (2) പ്രകാരമുള്ള കടലാസുകൾ :

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പരുകൾ |
|---|---|---|
| 14 | 2 | 1049, 2466, 3196, 3938 |
| | 9 | 740 |
| | 11 | 1740, 2121, 2917 |
| | 13 | 780 |
| | 14 | 710 |
| | 15 | 4884, 5064 |
| | 16 | 3389, 5203 |
| | 19 | 1541, 1542 |
| 15 | 1 | 4, 84 |
| | 3 | 2391 |
| | 4 | 451, 2475 |
| | 5 | 2384, 4153, 5028 |
| | 8 | 2405, 4259, 6031, 6330, 6358 |
| | 9 | 2649 |
| | 10 | 139, 142, 459, 460, 462, 471, 472, 473, 2440, 2620 |
| | 11 | 21, 34, 61, 72, 414, 529, 534, 2447, 2471, 3633, 3877, 4153, 4340, 5913, 5919, 5931, 6593, 6595, 6664 |
| | 12 | 25, 55, 497, 499, 1999, 2377, 2392, 2394, 2406 |
| | 13 | 42, 49, 468, 472, 478, 1218, 1955, 2164, 2357, 2401, 2419, 2421, 2422, 2426, 2780, 3106, 3107, 3130, 3197, 3797, 3818, 3894, 4063, 4165, 4212, 4222, 4902, 5462, 5772, 5777, 5782, 5803, 5813 |

| | | |
|---|---|---|
| | 14 | 25, 51, 78, 91, 93, 99, 112, 113, 135, 251, 377, 425, 444, 445, 460, 500, 509, 510, 514, 516, 541, 547, 551, 554, 555, 558, 565, 577, 580, 585, 857, 1120, 1122, 1245, 1286, 1294, 1312, 1313, 1344, 1353, 1361, 1399, 1454, 1462, 1537, 1737, 1797, 1826, 1838, 1849, 1855, 1869, 1946, 2068, 2082, 2083, 2089, 2113, 2114, 2116, 2120, 2126, 2134, 2135, 2139, 2146, 2156, 2161, 2176, 2456, 2473, 2483, 2484, 2485, 2486, 2489, 2490, 2491, 2492, 2493, 2494, 2495, 2496, 2497, 2498, 2499, 2500, 2501, 2503, 2504, 2505, 2506, 2507, 2508, 2509, 2510, 2511, 2512, 2513, 2514, 2516, 2517, 2520, 2521, 2522, 2523, 2525, 2527, 2528, 2535, 2541, 2543, 2547, 2549, 2550, 2551, 2554, 2555, 2558, 2561, 2562, 2563, 2564, 2567, 2568, 2569, 2570, 2571, 2572, 2573, 2574, 2575, 2576, 2578, 2580, 2582, 2585, 2587, 2589, 2590, 2591, 2592, 2593, 2600, 2602, 2603, 2604, 2608, 2609, 3115, 3233, 3252, 3303, 3337, 3388, 3404, 3459, 3464, 3713, 3718, 3719, 3721, 3723, 3724, 3725, 3726, 3727, 3728, 3729, 3730, 3731, 3732, 3734, 3735, 3737, 3738, 3739, 3740, 3741, 3742, 3743, 3744, 3745, 3746, 3747, 3748, 3749, 3750, 3751, 3752, 3754, 3755, 3756, 3758, 3759, 3761, 3762, 3764, 3765, 3767, 3768, 3770, 3772, 3775, 3776, 3777, 3778, 3780, 3781, 3782, 3784, 3785, 3786, 3787, 3788, 3789, 3790, 3791, 3792, 3793, 3794, 3796, 3797, 3798, 3799, 3800, 3801, 3802, 3804, 3805, 3806, 3807, 3808, 3809, 3810, 3811, 3814, 3815, 3816, 3819, 3822, 3823, 3825, 3826 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

(i) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒൻപത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(ii) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒൻപത് മുതൽ പന്ത്രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

റിപ്പോർട്ട് പരിഗണന:

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവന :

1995-ലെ Persons with Disabilities Act (PWD ACT) സെക്ഷൻ 33 പ്രകാരം കാഴ്ചപരിമിതർ, ശ്രവണപരിമിതർ, ചലനശേഷി പരിമിതർ, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലായി 3% ഭിന്നശേഷി സംവരണം പാലിച്ച് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളും നിയമനം നൽകേണ്ടതുണ്ട്. തുടർന്ന് പുറപ്പെടുവിക്കപ്പെട്ട RPWD Act 2016-ലെ സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് തസ്തികകളുടെയും കേഡർ സ്ട്രെങ്തിന്റെ ആകെ ഒഴിവുകളിൽ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി നിയമനം നടത്തേണ്ടതുണ്ട്. ടി ആക്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് 15-2-1996 മുതൽ 3% സംവരണവും തുടർന്ന്, 19-4-2017 മുതൽ 4% സംവരണവും നൽകി, പി.എസ്.സി. വഴി നിയമനം നടത്തി വരുന്നു.

2. മുകളിൽ പറഞ്ഞ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂൾ നിയമനത്തിൽ സംവരണം നൽകുന്നതിനായി ഉത്തരവ് നമ്പർ GO(P)No.18/2018/SJD dated 18-11-2018-ന് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ബഹു. ഹൈക്കോടതി സിംഗിൾ ബെഞ്ച്, മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ WP(C)4753/2020 കേസിലെ വിധി പ്രകാരം ശരിവച്ചതിനെ തുടർന്ന് അതിനെതിരെ ചില സ്കൂൾ മാനേജർമാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ 1242/2020 -ഉം തള്ളിക്കൊണ്ട്, സിംഗിൾ ബെഞ്ച് വിധി, ഡിവിഷൻ ബെഞ്ച് ശരിവച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത വിധിക്കെതിരെ ഏതാനും മാനേജർമാർ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തെങ്കിലും (SLP 6669/2021) അത് നിലനിൽക്കില്ല എന്ന് ബോധ്യമായതിനാൽ ബഹു. ഹൈക്കോടതിയുടെ വിധി പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് SLP പിൻവലിക്കാൻ ബഹു. സുപ്രീം കോടതിയോട് സമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5-7-2021 -ന് SLP പിൻവലിച്ചു.

3. 10-8-2022, 13-3-2023, എന്നീ തീയതികളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ചും മറ്റു ജനറൽ കാറ്റഗറിയിലെ ജീവനക്കാരുടെ നിയമന അംഗീകാരം സംബന്ധിച്ചും സർക്കാർ തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

4. ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനങ്ങൾക്ക ആക്ട് പ്രകാരമുള്ള മുൻഗണനാക്രമം ചുവടെ ചേർക്കുന്നു: [Chapter VI, Section 34(1)]

A. Blindness and low vision.

B. Deaf and Hard of hearing.

C. Loco motor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy.

D. Autism, Intellectual disability, Specific learning disability and mental illness.

E. Multiple disabilities amongst person under clause (A) to (D) including deaf blindness in the posts identified for each disability.

RPWD Act 2016, Chapter VI, Section 34 (2) പ്രകാരം ഭിന്നശേഷി വിഭാഗത്തിലെ മേൽ പറഞ്ഞ 5 കാറ്റഗറിയിൽപ്പെട്ട ഏതെങ്കിലും വിഭാഗത്തിന് നൽകേണ്ട തസ്തികയിൽ ആ വിഭാഗത്തിലുള്ള ആൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത തസ്തിക ആ റിക്രൂട്ട്മെന്റ് വർഷം മുഴുവൻ ഒഴിച്ചിടുകയും അടുത്ത റിക്രൂട്ട്മെന്റ് വർഷം ഭിന്നശേഷിയിലെ മറ്റു കാറ്റഗറിയിൽ പെട്ട ആളിനെ നിയമിക്കേണ്ടതുമാണ്. പ്രസ്തുത കാറ്റഗറിയിലും ആൾ ലഭ്യമാകാതെ വരുമ്പോൾ മാത്രമേ ഓപ്പൺ ജനറൽ കാറ്റഗറിയിൽ നിന്നും ഉദ്യോഗാർത്ഥിയെ നിയമിക്കാൻ കഴിയുകയുള്ളൂ.

5. ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിലെ എയ്ഡഡ് സ്കൂളുകളിലെ ആകെ തസ്തികകളെ 7 കാറ്റഗറികളായി തിരിച്ചിട്ടുണ്ട്.

i. പ്രൈമറി

ii. സെക്കൻഡറി

iii. നോൺ ടീച്ചിംഗ്

iv. ഹയർ സെക്കൻഡറി സീനിയർ

v. ഹയർ സെക്കൻഡറി ജൂനിയർ

vi. വൊക്കേഷണൽ ഹയർ സെക്കൻഡറി സീനിയർ

vii. വൊക്കേഷണൽ ഹയർ സെക്കൻഡറി ജൂനിയർ

6. സംസ്ഥാനത്തെ ഓരോ എയ്ഡഡ് സ്കൂളിലും ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്നതുവരെ 18-11-2018-നും 8-11-2021-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പള സ്കെയിലിൽ പ്രൊവിഷണലായും 8-11-2021-ന് ശേഷം ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസ വേതന അടിസ്ഥാനത്തിലും നിയമനം നൽകുന്നതിനുമാണ് ബഹു. കോടതി നിർദ്ദേശിച്ചത്. ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്ന മാനേജ്മെന്റുകൾക്ക് കീഴിലുള്ള സ്കൂളുകളിൽ മേൽ പരാമർശിച്ച നിയമനങ്ങൾ ക്രമീകരിക്കുവാനും ബഹു. കോടതി നിർദ്ദേശിച്ചു. അതായത്, ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക്‌ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും, ടി ഉദ്യോഗാർത്ഥിക്ക് അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്കോ, RPWD Act 2016 സെക്ഷൻ 34(2) പ്രകാരം നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കോ പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായും ദിവസ വേതനാടിസ്ഥാനത്തിലും തുടരുന്ന ജനറൽ കാറ്റഗറിയിൽപ്പെട്ട നിയമനങ്ങൾക്ക് നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

7. ഇതിനകം തന്നെ ഇതുമായി ബന്ധപ്പെട്ട് അമ്പതോളം നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷി നിയമനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു കൈപ്പുസ്തകവും സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

8. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ SLP(C)9566/2023-ലെ ഒക്ടോബർ 30-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാ തല സമിതികൾ രൂപീകരിച്ച് 2025 മാർച്ച് 24-ന് സർക്കാർ ഉത്തരവിറക്കിയിരുന്നു.

9. ഇതിന്റെ ഭാഗമായി സെക്കൻഡറി തലം വരെയുള്ള ജില്ലാ സമിതികളുടെ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാ സമിതികൾ നിലവിൽ വരുന്നതിന് മുൻപ് തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മാനേജർമാർ നേരിട്ടും ആയിരത്തി അഞ്ഞൂറോളം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകിക്കഴിഞ്ഞു. ജില്ലാ സമിതികൾ മുഖേനയുള്ള ആദ്യഘട്ടത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യോഗ്യരായ 431 ഉദ്യോഗാർത്ഥികൾക്ക് കൂടി 24-1-2026-ൽ നിയമന ശുപാർശ നൽകി. അവശേഷിക്കുന്ന ഒഴിവുകൾ നികത്താനായി ഉടൻതന്നെ തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നതാണ്. ഇത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ 26-1-2026 തീയതി സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

10. ഈ സന്ദർഭത്തിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് NSS ബഹു. ഹൈക്കോടതിയിലെ സിംഗിൾ ബെഞ്ചിൽ കേസ് ഫയൽ ചെയ്തു. അത് തള്ളിയതിന്റെ അടിസ്ഥാനത്തിൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ഫയൽ ചെയ്യുകയും അത് തള്ളിയതിനെതിരെ SLP(C) 11373/2024 നമ്പറിൽ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസിൽ NSS മാനേജ്മെന്റുകൾ ആവശ്യപ്പെട്ട പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടി സ്കൂളുകളിൽ മാറ്റിവച്ചിട്ടുള്ള തസ്തികകൾ ഒഴിച്ച് ബാക്കി എല്ലാ ജനറൽ കാറ്റഗറിയിലെ തസ്തികകളിലേക്ക് നിയമിച്ചവർക്കും നിയമനാംഗീകാരം നൽകണം എന്ന NSS ന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് ബഹു. സുപ്രീം കോടതി 4-3-2025-ൽ വിധി പ്രഖ്യാപിച്ചു.

11. ഈ സന്ദർഭത്തിൽ NSS-ന് നൽകിയ അനുമതി തങ്ങൾക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ മാനേജ്മെന്റുകളുടെ ഭാഗത്തു നിന്ന് ശക്തമായ ആവശ്യം ഉയർന്നു വന്നു. അതിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശം ആരാഞ്ഞു. അവിടെ നിന്നും കിട്ടിയ നിയമോപദേശത്തിൽ ബഹു. സുപ്രീം കോടതിയുടെ വിധി NSS ന് മാത്രം ബാധകമാണെന്നും മറ്റുള്ളവർക്ക് അതിന്റെ ആനുകൂല്യം ലഭിക്കില്ലെന്നും പറഞ്ഞു.

12. ഈ സന്ദർഭത്തിൽ NSS-നു നൽകിയ വിധി മറ്റുള്ളവർക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട ഗവൺമെന്റ് തന്നെ മുകളിൽ പറഞ്ഞ SLP (C) 9566/2023-ൽ സത്യവാങ്മൂലം ഫയൽ ചെയ്തു. പ്രസ്തുത സത്യവാങ്മൂലത്തിൽ ബഹു. സുപ്രീം കോടതി പറഞ്ഞ സമിതി രൂപീകരണം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയ സാഹചര്യത്തിൽ ജനറൽ കാറ്റഗറിയിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരത്തിന് അപ്രൂവൽ നൽകുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

13. നായർ സർവീസ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള ഉത്തരവ്, സുപ്രീം കോടതിയുടെ അനുമതിക്ക് വിധേയമായി സമാന സ്ഥിതിയിലുള്ള മറ്റു മാനേജ്മെന്റുകൾക്കും ബാധകമാക്കുക എന്നതാണ് സർക്കാർ നയം. ഇത് സംബന്ധിച്ച് സർക്കാർ സുപ്രീം കോടതിയുടെ അനുമതി തേടിയിരിക്കുകയാണ്. ഈ കേസ് 2026 ഫെബ്രുവരി 2-ന് കോടതിയുടെ പരിഗണനയ്ക്ക് വന്നെങ്കിലും ആയത് 14-4-2026 ലേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇതിൽ ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നതോടെ ഭിന്നശേഷി വിഷയവുമായി ബന്ധപ്പെട്ട് പ്രൊവിഷണൽ-ദിവസവേതന അടിസ്ഥാനത്തിൽ തുടരുന്ന എല്ലാ അധ്യാപകർക്കും അവരുടെ നിയമന തീയതി മുതൽ തന്നെ സ്ഥിര നിയമനം നൽകാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ കേസ് സർക്കാരിന് വേണ്ടി വാദിക്കുന്നതിനായി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനെയാണ് (ജയദീപ് ഗുപ്ത) നിയോഗിച്ചിട്ടുള്ളത്.

14. ഈ അവസരത്തിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന മറ്റ് അധ്യാപകരുടെ ആശങ്കകളെക്കുറിച്ച് സർക്കാരിന് വ്യക്തമായി ബോധ്യമുണ്ട്. ഓരോ എയ്ഡഡ് സ്കൂളിലും ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്നതുവരെ 2018 നവംബർ 18-നും 2021 നവംബർ 8-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പള സ്കെയിലിൽ പ്രൊവിഷണലായും, അതിനുശേഷം ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസവേതന അടിസ്ഥാനത്തിലും നിയമനം നൽകാനാണ് കോടതി നിർദ്ദേശിച്ചത്.

15. കോടതി വിധികൾക്കനുസൃതമായി മാത്രമേ സർക്കാരിന് ഉത്തരവുകൾ ഇറക്കാൻ സാധിക്കുമായിരുന്നുള്ളൂ. എങ്കിലും ഇത്തരത്തിൽ പ്രൊവിഷണൽ ആയി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് പെൻ നമ്പർ, ലീവ്, ഗ്രൂപ്പ് ഇൻഷുറൻസ്, പി.എഫ്, സ്ഥാനക്കയറ്റം തുടങ്ങിയ സാധ്യമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വയമേവ സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിലുള്ളവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക്, നിലവിൽ പ്രൊവിഷണലായും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ നിയമന തീയതി മുതൽ തന്നെ ക്രമീകരണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

16. ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അവകാശം സംരക്ഷിക്കുന്നതിനോടൊപ്പം മറ്റു വിഭാഗത്തിലുള്ള അധ്യാപകരുടെ പ്രശ്നങ്ങളും വേഗത്തിൽ പരിഹരിക്കപ്പെടണമെന്നാണ് സർക്കാർ നിലപാട്. അതിനായി നിയമപരമായി ചെയ്യാവുന്നതെല്ലാം സർക്കാർ ചെയ്യുന്നുണ്ട്. എന്നാൽ എൻ.എസ്.എസ്. മാനേജ്മെന്റിന് ലഭിച്ച വിധി മറ്റ് മാനേജ്മെന്റുകൾക്കും സമാന രീതിയിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ബാധകമാക്കണമെന്ന സർക്കാരിന്റെ അപേക്ഷ ഉടനടി പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കുന്നു.

ചട്ടം 118 അനുസരിച്ചുള്ള ഗവണ്മെന്റ് പ്രമേയം :

തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററി കാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ചട്ടം 118 പ്രകാരം ഒരു പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിനുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം താഴെപ്പറയും പ്രകാരം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"ഭരണഘടനയുടെ 41-ാം അനുച്ഛേദ പ്രകാരം അവകാശാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുമാണ് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ അധികാരത്തിലിരുന്ന ഒന്നാം യു.പി.എ. സർക്കാർ സുപ്രധാനമായ തൊഴിലുറപ്പ് നിയമം കൊണ്ടുവന്നത്.

നിശ്ചിത സമയത്തിനകം തൊഴിൽ നൽകിയില്ലെങ്കിലുള്ള തൊഴിലില്ലായ്മ വേതനം, വേതനം താമസിച്ചാലുള്ള നഷ്ടപരിഹാരം, തൊഴിൽ സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്കുള്ള ചികിത്സാ സഹായം, ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ, സോഷ്യൽ ഓഡിറ്റ് തുടങ്ങി തൊഴിലാളികൾക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ തൊഴിലുറപ്പ് നിയമത്തിന്റെ സവിശേഷതയായിരുന്നു.

സംസ്ഥാനത്ത് 40.45 ലക്ഷം കുടുംബങ്ങളാണ് പദ്ധതിയിൽ അംഗമായിട്ടുള്ളത്. ഇതിൽ 19.43 ലക്ഷം കുടുംബങ്ങളിലായി 22.66 ലക്ഷം തൊഴിലാളികൾ സജീവമാണ്. ഈ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനും അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് നാം സ്വീകരിച്ചു വരുന്നത്. ഇത് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. 2024-25-ലെ കണക്ക് പ്രകാരം ദേശീയതലത്തിൽ 50.23 തൊഴിൽ ദിനങ്ങളാണ് ശരാശരി നൽകുന്നത്. സംസ്ഥാനത്ത് ഇത് 66.17 ആണ്.

കേന്ദ്ര പദ്ധതി നടപ്പാക്കുന്നതോടൊപ്പം അതിലുപരിയായി കൂടുതൽ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനം നൽകിവരുന്നുണ്ട്. 100 ദിവസത്തിന് ഉപരിയായി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസം കൂടി തൊഴിൽ അനുവദിക്കുന്നതിന് 'ട്രൈബൽ പ്ലസ് ' പദ്ധതി കേരളത്തിൽ നടപ്പിലാക്കി. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചു. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവബത്തയായി 1000 രൂപ വീതം അനുവദിച്ചു. 2025-26 സാമ്പത്തിക വർഷം ഇത് 1200 രൂപയായി ഉയർത്തി. കൂടാതെ രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. നഗര പ്രദേശത്തെ തൊഴിലാളികൾക്കായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയും അവരെ കൂടി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

തൊഴിലുറപ്പ് നിയമം നടപ്പിലാക്കുന്നതിന് കേന്ദ്ര വിഹിതം നൽകുന്നതിൽ കുടിശിക വരുത്തുന്നതുൾപ്പെടെ വിവിധ രീതിയിലുള്ള പ്രതിബന്ധങ്ങൾ കേന്ദ്ര സർക്കാർ സൃഷ്ടിച്ചിരിക്കെയാണ് നിലവിലുണ്ടായിരുന്ന നിയമം തന്നെ റദ്ദാക്കിയത്.

'വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' (VB-GRAM G) എന്ന പുതിയ നിയമം സംസ്ഥാനങ്ങൾക്ക് കടുത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കും. നിലവിലുണ്ടായിരുന്ന നിയമത്തിന്റെ അന്തഃസത്ത ആയിരുന്ന അവകാശാധിഷ്ഠിത സമീപനം പുതിയ നിയമത്തോടെ ഇല്ലാതായിരിക്കുകയാണ്.

കേന്ദ്രസർക്കാർ ഒരു വിഹിതം (Normative Allocation) നിശ്ചയിക്കുകയും അതിന്റെ 40% സംസ്ഥാനങ്ങൾ വഹിക്കുകയും ചെയ്യണമെന്നതാണ് പുതിയ വ്യവസ്ഥ. ഈ വിഹിതത്തിന് ഉപരിയായ തൊഴിൽ ദിനങ്ങളുടെ പൂർണ്ണ ബാധ്യത സംസ്ഥാനങ്ങളുടേതായിരിക്കും. ഇതിലൂടെ കേരളത്തിന് 3500 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. 100 ദിവസം എന്നത് 125 ദിവസമായി ഉയർത്തുന്നത് മൂലമുള്ള അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനങ്ങൾക്കായിരിക്കും.

ഗ്രാമപഞ്ചായത്തുകളെ എ, ബി, സി എന്നിങ്ങനെ തരംതിരിക്കണമെന്നും കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാവുക എന്നും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വികസിതമാണ്. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടാൻ ഇടയാവുകയും അതിലൂടെ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്യും.

പുതിയ നിയമപ്രകാരം തൊഴിലില്ലായ്മ വേതനം, കൃത്യസമയത്ത് കൂലി നൽകിയില്ലെങ്കിലുള്ള നഷ്ടപരിഹാരം എന്നിവ നൽകാനുള്ള ബാധ്യത സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാനങ്ങളുടെ വിഹിതം നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരില് നിലനിർത്തുകയും അധിക ബാധ്യതയുടെ പൂർണ്ണ ഉത്തരവാദിത്തം സംസ്ഥാനങ്ങളുടെ മേൽ കെട്ടിവയ്ക്കുകയുമാണ്.

സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുന്നതും ജനവിരുദ്ധവും തൊഴിൽ അവകാശം നഷ്ടപ്പെടുത്തുന്നതുമായ പുതിയ നിയമത്തിനെതിരെ ശക്തമായ പ്രക്ഷോഭത്തിലാണ് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ.

ഈ സാഹചര്യത്തിൽ ദാരിദ്ര്യ ലഘൂകരണത്തെ പിന്നോട്ടടിപ്പിക്കുന്നതും തൊഴിൽ നൽകൽ ചുമതല സംസ്ഥാനങ്ങളുടെ ബാധ്യതയാക്കുന്നതുമായ പുതിയ നിയമം പിൻവലിച്ച് 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

ധനകാര്യം :

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും :

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള II,III, IV,XII,XIII ,XXIII, VIII, XXII, XXXV, XI, XXVI, XV, XLII, XVI, XLV, XVII, XXIV, XVIII, XIX, XX, XXV, XXVII, XL, XXX, XXXII, XXXIII, XXXVII, XXXIX, XLI, XLVI എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന

ഉപക്ഷേപങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു. ഉപക്ഷേപങ്ങൾ പിന്താങ്ങപ്പെട്ടു. തുടർന്ന് II,III, IV, XII,XIII ,XXIII, VIII, XXII, XXXV, XI, XXVI, XV, XLII, XVI, XLV, XVII, XXIV, XVIII, XIX, XX, XXV, XXVII, XL, XXX, XXXII, XXXIII, XXXVII, XXXIX, XLI, XLVI എന്നീ ധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കുകയും I, XXVIII എന്നീ ധനാഭ്യർത്ഥനകളുടെ പേരിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കുകയുമുണ്ടായി.

<u>നിയമനിർമ്മാണ കാര്യം :</u>

<u>2026-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും:</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കലണ്ടർ, 5-2-2026-ലെ കാര്യവിവരപ്പട്ടിക എന്നിവ ഭാഗീകമായി ഭേദഗതി ചെയ്ത് 2026-കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നതിനും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ഉപക്ഷേപം സഭ അംഗീകരിക്കുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2026-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികൾ കൂടാതെ 2026-ലെ കേരള ധനവിനിയോഗ ബിൽ സഭ പാസ്സാക്കുകയും ചെയ്തു.

2026 ഫെബ്രുവരി 23-ാം തീയതി, തിങ്കളാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 9.51-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, February 5, 2026.*

**No. 202**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

[At the commencement of Question Hour, the Leader of Opposition informed the House that they are not cooperating with the proceedings of the House in protest against the stance taken by the Government and stated that the Opposition would continue their agitation inside and outside the House. Subsequently, Members belonging to the Opposition parties shouted slogans in the House and tried to disrupt the proceedings of the House. Consequently, the Speaker announced that the further proceedings of the Question Hour were suspended.]

*Calling Attention:*

(1) Shri V. Joy called the attention of the Minister for Public Works and Tourism to the necessity to expedite the initial works related to the construction of the proposed Vizhinjam-Navaikulam Outer Ring Road, which is essential for the ancillary development of the Vizhinjam Port and the expansion of capital city’ s road transport. The Minister for Public Works and Tourism laid the reply on the Table of the House.

(The second calling attention in the List of Business was not presented as the opposition party members continued to clamour.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. എ. സി. മൊയ്തീൻ | വോട്ടർ പട്ടിക തീവ്ര പരിഷ്കരണം (SIR) സംബന്ധിച്ചുള്ള ഗവ. നിലപാട് | മുഖ്യമന്ത്രി |
| 2. | ശ്രീ. ടി. പി. രാമകൃഷ്ണൻ | ചെറുവണ്ണൂർ പെരിഞ്ചേരി ക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവർത്തനം | ജലവിഭവ വകുപ്പുമന്ത്രി |
| 3. | ശ്രീ. കെ. പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് പുനരുദ്ധാരണം | ജലവിഭവ വകുപ്പുമന്ത്രി |
| 4. | ശ്രീ. ആന്റണി ജോൺ | കോതമംഗലം കോട്ടപ്പടിയിലെ ആനശല്യം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 5. | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | വടക്കാഞ്ചേരി സഹകരണ നേഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണം | തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 6. | ശ്രീ. ജി. എസ്. ജയലാൽ | ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂരിലുള്ള ഭൂമി പ്രയോജനപ്പെടുത്തുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 7. | ശ്രീ. എ. പ്രഭാകരൻ | മലമ്പുഴയിലെ വാരണി പാലം പുനർനിർമ്മാണം | പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8. | ശ്രീ. കെ. ബാബു (നെന്മാറ) | മംഗലം ഗോവിന്ദാപുരം സംസ്ഥാനപാത അഭിവൃദ്ധിപ്പെടുത്തലും നെന്മാറ, കൊല്ലങ്കോട് ബൈപ്പാസുകളുടെ നിർമ്മാണവും | പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9. | ശ്രീമതി യു. പ്രതിഭ | കായംകുളത്ത് ഉയരപ്പാത, അടിപ്പാതകൾ, ഫുട് ഓവർ ബ്രിഡ്ജുകൾ എന്നിവയുടെ നിർമ്മാണം | പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10. | ശ്രീ. എം. എസ് അരുൺ കുമാർ | മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned laid the statements regarding the respective issues on the table of the House.

*Papers Laid on the Table:*

The following papers were laid on the Table:

*i) Papers as per Rule 166(1)*

| ക്രമ നമ്പർ | എസ്.ആർ.ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 1348/2025 | ജി.ഒ.(പി)നം.16/2025/പി&എ.ആർ.ഡി. | 28-11-2025 |
| 2. | 5/2026 | ജി.ഒ.(പി)നം.17/2025/പി&എ.ആർ.ഡി. | 13-12-2025 |
| 3. | 73/2026 | ജി.ഒ.(ആർ.ടി.)നം.265/2026/ഹോം | 21-1-2026 |
| 4. | 76/2026 | ജി.ഒ.(എം.എസ്.)നം.12/2026/ഹോം | 22-1-2026 |
| 5. | 80/2026 | ജി.ഒ.(പി)നം.10/2026/ഹോം | 23-1-2026 |
| 6. | 103/2026 | സ.ഉ.(അച്ചടി)2/2026/പി&ഇ.എ. | 28-1-2026 |

| | | | |
|---|---|---|---|
| 7. | 126/2026 | ജി.ഒ.(എം.എസ്.)നം.16/2026/ഹോം | 30-1-2026 |
| 8. | 10/2026 | ജി.ഒ.(പി)നം.1/2026/ടി.ഡി. | 1-1-2026 |
| 9. | 99/2026 | ജി.ഒ.(പി)നം.9/2026/ടാക്സസ് | 27-1-2026 |
| 10. | 1201/2025 | ജി.ഒ.(പി)നം.418/2025/ആർ.ഡി. | 14-10-2025 |
| 11. | 90/2026 | ജി.ഒ.(പി)നം.32/2026/ആർ.ഡി. | 21-1-2026 |
| 12. | 96/2026 | സ.ഉ.(അച്ചടി)നം.40/2026/റവ. | 23-1-2026 |
| 13. | 114/2026 | ജി.ഒ.(പി)നം.11/2026/ടാക്സസ് | 29-1-2026 |
| 14. | 111/2026 | ജി.ഒ.(പി)നം.12/2026/ടാക്സസ് | 29-1-2026 |
| 15. | 63/2026 | ജി.ഒ.(പി)നം.2/2026/ട്രാൻസ് | 17-1-2026 |
| 16. | 68/2026 | ജി.ഒ.(പി)നം.3/2026/ട്രാൻസ് | 20-1-2026 |
| 17. | 1329/2025 | ജി.ഒ.(പി)നം.167/2025/കോ-ഓപ്പ്. | 25-11-2025 |
| 18. | 2/2026 | ജി.ഒ.(പി)നം.179/2025/കോ-ഓപ്പ്. | 31-12-2025 |
| 19. | 3/2026 | ജി.ഒ.(പി)നം.3/2026/കോ-ഓപ്പ്. | 1-1-2026 |
| 20. | 16/2026 | ജി.ഒ.(പി)നം.5/2026/കോ-ഓപ്പ്. | 5-1-2026 |
| 21. | 17/2026 | ജി.ഒ.(പി)നം.178/2025/കോ-ഓപ്പ്. | 31-12-2025 |
| 22. | 18/2026 | ജി.ഒ.(പി)നം.2/2026/കോ-ഓപ്പ്. | 1-1-2026 |
| 23. | 53/2026 | ജി.ഒ.(പി)നം.6/2026/കോ-ഓപ്പ്. | 6-1-2026 |
| 24. | 67/2026 | ജി.ഒ.(പി)നം.14/2026/കോ-ഓപ്പ്. | 19-1-2026 |
| 25. | 74/2026 | ജി.ഒ.(പി)നം.13/2026/കോ-ഓപ്പ്. | 19-1-2026 |
| 26. | 75/2026 | ജി.ഒ.(പി)നം.12/2026/കോ-ഓപ്പ്. | 19-1-2026 |

| | | | |
|---|---|---|---|
| 27. | 86/2026 | സ.ഉ.(അച്ചടി)നം.2/2026/മ.ത്സ.വ. | 21-1-2026 |
| 28. | 100/2026 | ജി.ഒ.(പി)നം.16/2026/കോ-ഓപ്പ് | 22-1-2026 |
| 29. | 101/2026 | ജി.ഒ.(പി)നം.18/2026/കോ-ഓപ്പ് | 24-1-2026 |
| 30. | 112/2026 | ജി.ഒ.(പി)നം.17/2026/കോ-ഓപ്പ് | 23-1-2026 |
| 31. | 130/2026 | ജി.ഒ.(പി)നം.19/2026/കോ-ഓപ്പ് | 2-2-2026 |
| 32. | 85/2026 | ജി.ഒ.(പി)നം.3/2026/എൽ.ബി.ആർ. | 17-1-2026 |
| 33. | 87/2026 | ജി.ഒ.(പി)നം.4/2026/എൽ.ബി.ആർ. | 17-1-2026 |
| 34. | 108/2026 | ജി.ഒ.(പി)നം.5/2026/എൽ.ബി.ആർ. | 24-1-2026 |
| 35. | 115/2026 | ജി.ഒ.(പി)നം.6/2026/എൽ.ബി.ആർ. | 30-1-2026 |
| 36. | 204/2020 | ജി.ഒ.(പി)നം.12/2020/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 14-3-2020 |
| 37. | 27/2026 | ജി.ഒ.(പി)നം.100/2025/എച്ച്&എഫ്.ഡബ്ല്യൂ.ഡി. | 19-10-2025 |
| 38. | 21/2026 | ജി.ഒ.(പി)നം.1/2026/എഫ്&സി.എസ്.ഡി. | 1-1-2026 |

*ii) Papers as per Rule 166(B)*

| ക്രമ നമ്പർ | സ്ഥാപനം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1. | കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി | 2020-2021 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 2. | കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി | 2021-2022 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |
| 3. | കേരള അഗ്രോ ബിസിനസ് കമ്പനി ലിമിറ്റഡ് | 2023-2024 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും |

*iii) Papers as per Rule 47(2)*

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പരുകൾ |
|---|---|---|
| 14 | 2 | 1049, 2466, 3196, 3938 |
| | 9 | 740 |
| | 11 | 1740, 2121, 2917 |
| | 13 | 780 |
| | 14 | 710 |
| | 15 | 4884, 5064 |
| | 16 | 3389, 5203 |
| | 19 | 1541, 1542 |
| 15 | 1 | 4, 84 |
| | 3 | 2391 |
| | 4 | 451, 2475 |
| | 5 | 2384, 4153, 5028 |
| | 8 | 2405, 4259, 6031, 6330, 6358 |
| | 9 | 2649 |
| | 10 | 139, 142, 459, 460, 462, 471, 472, 473, 2440, 2620 |
| | 11 | 21, 34, 61, 72, 414, 529, 534, 2447, 2471, 3633, 3877, 4153, 4340, 5913, 5919, 5931, 6593, 6595, 6664 |
| | 12 | 25, 55, 497, 499, 1999, 2377, 2392, 2394, 2406 |
| | 13 | 42, 49, 468, 472, 478, 1218, 1955, 2164, 2357, 2401, 2419, 2421, 2422, 2426, 2780, 3106, 3107, 3130, 3197, 3797, 3818, 3894, 4063, 4165, 4212, 4222, 4902, 5462, 5772, 5777, 5782, 5803, 5813 |

| | | |
|---|---|---|
| | 14 | 25, 51, 78, 91, 93, 99, 112, 113, 135, 251, 377, 425, 444, 445, 460, 500, 509, 510, 514, 516, 541, 547, 551, 554, 555, 558, 565, 577, 580, 585, 857, 1120, 1122, 1245, 1286, 1294, 1312, 1313, 1344, 1353, 1361, 1399, 1454, 1462, 1537, 1737, 1797, 1826, 1838, 1849, 1855, 1869, 1946, 2068, 2082, 2083, 2089, 2113, 2114, 2116, 2120, 2126, 2134, 2135, 2139, 2146, 2156, 2161, 2176, 2456, 2473, 2483, 2484, 2485, 2486, 2489, 2490, 2491, 2492, 2493, 2494, 2495, 2496, 2497, 2498, 2499, 2500, 2501, 2503, 2504, 2505, 2506, 2507, 2508, 2509, 2510, 2511, 2512, 2513, 2514, 2516, 2517, 2520, 2521, 2522, 2523, 2525, 2527, 2528, 2535, 2541, 2543, 2547, 2549, 2550, 2551, 2554, 2555, 2558, 2561, 2562, 2563, 2564, 2567, 2568, 2569, 2570, 2571, 2572, 2573, 2574, 2575, 2576, 2578, 2580, 2582, 2585, 2587, 2589, 2590, 2591, 2592, 2593, 2600, 2602, 2603, 2604, 2608, 2609, 3115, 3233, 3252, 3303, 3337, 3388, 3404, 3459, 3464, 3713, 3718, 3719, 3721, 3723, 3724, 3725, 3726, 3727, 3728, 3729, 3730, 3731, 3732, 3734, 3735, 3737, 3738, 3739, 3740, 3741, 3742, 3743, 3744, 3745, 3746, 3747, 3748, 3749, 3750, 3751, 3752, 3754, 3755, 3756, 3758, 3759, 3761, 3762, 3764, 3765, 3767, 3768, 3770, 3772, 3775, 3776, 3777, 3778, 3780, 3781, 3782, 3784, 3785, 3786, 3787, 3788, 3789, 3790, 3791, 3792, 3793, 3794, 3796, 3797, 3798, 3799, 3800, 3801, 3802, 3804, 3805, 3806, 3807, 3808, 3809, 3810, 3811, 3814, 3815, 3816, 3819, 3822, 3823, 3825, 3826 |

*Presentation of Reports:*

(i) The Ninth to Sixteenth Reports of the Committee on Welfare of Fishermen and Allied Workers were presented.

(ii) The Ninth to Twelfth Reports of the Committee on the Welfare of Senior Citizens were presented.

*Consideration of Reports:*

The House adopted the Fourth Report of the Committee of Privileges and Ethics.

*Statement under Rule 300:*

Shri V. Sivankutty, Minister for General Education and Labour made the following statement under Rule 300 :

1995-ലെ Persons with Disabilities Act (PWD ACT) സെക്ഷൻ 33 പ്രകാരം കാഴ്ചപരിമിതർ, ശ്രവണപരിമിതർ, ചലനശേഷി പരിമിതർ, സെറിബ്രൽ പാൾസി എന്നീ വിഭാഗങ്ങളിലായി 3% ഭിന്നശേഷി സംവരണം പാലിച്ച് എല്ലാ എസ്റ്റാബ്ലിഷ്മെന്റുകളും നിയമനം നൽകേണ്ടതുണ്ട്. തുടർന്ന് പുറപ്പെടുവിക്കപ്പെട്ട RPWD Act 2016-ലെ സെക്ഷൻ 34(1) പ്രകാരം ഓരോ ഗ്രൂപ്പ് ഓഫ് തസ്തികകളുടെയും കേഡർ സ്ട്രെങ്തിന്റെ ആകെ ഒഴിവുകളിൽ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് സംവരണം നൽകി നിയമനം നടത്തേണ്ടതുണ്ട്. ടി ആക്റ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് 15-2-1996 മുതൽ 3% സംവരണവും തുടർന്ന്, 19-4-2017 മുതൽ 4% സംവരണവും നൽകി, പി.എസ്.സി. വഴി നിയമനം നടത്തി വരുന്നു.

2. മുകളിൽ പറഞ്ഞ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂൾ നിയമനത്തിൽ സംവരണം നൽകുന്നതിനായി ഉത്തരവ് നമ്പർ G.O.(P.)No.18/2018/SJD dated 18-11-2018-ന് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ബഹു: ഹൈക്കോടതി സിംഗിൾ ബെഞ്ച്, മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ WP(C)4753/2020 കേസിലെ വിധി പ്രകാരം ശരിവച്ചതിനെ തുടർന്ന് അതിനെതിരെ ചില സ്കൂൾ മാനേജർമാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ 1242/2020 -ഉം തള്ളിക്കൊണ്ട്, സിംഗിൾ ബെഞ്ച് വിധി, ഡിവിഷൻ ബെഞ്ച് ശരിവച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത വിധിക്കെതിരെ ഏതാനും മാനേജർമാർ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തെങ്കിലും (SLP 6669/2021) അത് നിലനിൽക്കില്ല എന്ന് ബോധ്യമായതിനാൽ ബഹു. ഹൈക്കോടതിയുടെ വിധി പാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് SLP പിൻവലിക്കാൻ ബഹു. സുപ്രീം കോടതിയോട് സമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5-7-2021 -ന് SLP പിൻവലിച്ചു.

3. 10-8-2022, 13-3-2023, എന്നീ തീയതികളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ചും മറ്റു ജനറൽ കാറ്റഗറിയിലെ ജീവനക്കാരുടെ നിയമന അംഗീകാരം സംബന്ധിച്ചും സർക്കാർ തുടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

4. ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനങ്ങൾക്ക് ആക്റ്റ് പ്രകാരമുള്ള മുൻഗണനാക്രമം ചുവടെ ചേർക്കുന്നു: [Chapter VI, Section 34(1)]

A. Blindness and low vision.

B. Deaf and Hard of hearing.

C. Loco motor Disabilities including Cerebral palsy, Leprosy cured, dwarfism, acid attack victims and muscular dystrophy.

D. Autism, Intellectual disability, Specific learning disability and mental illness.

E. Multiple disabilities amongst person under clause (A) to (D) including deaf blindness in the posts identified for each disability.

RPWD Act 2016, Chapter VI, Section 34 (2) പ്രകാരം ഭിന്നശേഷി വിഭാഗത്തിലെ മേൽ പറഞ്ഞ 5 കാറ്റഗറിയിൽപ്പെട്ട ഏതെങ്കിലും വിഭാഗത്തിന് നൽകേണ്ട തസ്തികയിൽ ആ വിഭാഗത്തിലുള്ള ആൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത തസ്തിക ആ റിക്രൂട്ട്മെന്റ് വർഷം മുഴുവൻ ഒഴിച്ചിടുകയും അടുത്ത റിക്രൂട്ട്മെന്റ് വർഷം ഭിന്നശേഷിയിലെ മറ്റു കാറ്റഗറിയിൽ പെട്ട ആളിനെ നിയമിക്കേണ്ടതുമാണ്. പ്രസ്തുത കാറ്റഗറിയിലും ആൾ ലഭ്യമാകാതെ വരുമ്പോൾ മാത്രമേ ഓപ്പൺ ജനറൽ കാറ്റഗറിയിൽ നിന്നും ഉദ്യോഗാർത്ഥിയെ നിയമിക്കാൻ കഴിയുകയുള്ളൂ.

5. ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിലെ എയ്ഡഡ് സ്കൂളുകളിലെ ആകെ തസ്തികകളെ 7 കാറ്റഗറികളായി തിരിച്ചിട്ടുണ്ട്.

i. പ്രൈമറി

ii. സെക്കൻഡറി

iii. നോൺ ടീച്ചിംഗ്

iv. ഹയർ സെക്കൻഡറി സീനിയർ

v. ഹയർ സെക്കൻഡറി ജൂനിയർ

vi. വൊക്കേഷണൽ ഹയർ സെക്കൻഡറി സീനിയർ

vii. വൊക്കേഷണൽ ഹയർ സെക്കൻഡറി ജൂനിയർ

6. സംസ്ഥാനത്തെ ഓരോ എയ്ഡഡ് സ്കൂളിലും ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്നതുവരെ 18-11-2018-നും 8-11-2021-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പള സ്കെയിലിൽ പ്രൊവിഷണലായും 8-11-2021-ന് ശേഷം ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസ വേതന അടിസ്ഥാനത്തിലും നിയമനം നൽകുന്നതിനുമാണ് ബഹു. കോടതി നിർദ്ദേശിച്ചത്. ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്ന മാനേജ്മെന്റുകൾക്ക് കീഴിലുള്ള സ്കൂളുകളിൽ മേൽ പരാമർശിച്ച നിയമനങ്ങൾ ക്രമീകരിക്കുവാനും ബഹു. കോടതി നിർദ്ദേശിച്ചു. അതായത്, ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക്‌ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും, ടി ഉദ്യോഗാർത്ഥിക്ക് അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്കോ, RPWD Act 2016 സെക്ഷൻ 34(2) പ്രകാരം നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കോ പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായും ദിവസ വേതനാടിസ്ഥാനത്തിലും തുടരുന്ന ജനറൽ കാറ്റഗറിയിൽപ്പെട്ട നിയമനങ്ങൾക്ക് നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

7. ഇതിനകം തന്നെ ഇതുമായി ബന്ധപ്പെട്ട് അമ്പതോളം നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷി നിയമനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു കൈപ്പുസ്തകവും സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

8. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ SLP(C)9566/2023-ലെ ഒക്ടോബർ 30-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാതല സമിതികൾ രൂപീകരിച്ച് 2025 മാർച്ച് 24-ന് സർക്കാർ ഉത്തരവിറക്കിയിരുന്നു.

9. ഇതിന്റെ ഭാഗമായി സെക്കൻഡറി തലം വരെയുള്ള ജില്ലാ സമിതികളുടെ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലാ സമിതികൾ നിലവിൽ വരുന്നതിന് മുൻപ് തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും മാനേജർമാർ നേരിട്ടും ആയിരത്തി അഞ്ഞൂറോളം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകിക്കഴിഞ്ഞു. ജില്ലാ സമിതികൾ മുഖേനയുള്ള ആദ്യഘട്ടത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യോഗ്യരായ 431 ഉദ്യോഗാർത്ഥികൾക്ക് കൂടി 24-1-2026-ൽ നിയമന ശിപാർശ നൽകി. അവശേഷിക്കുന്ന ഒഴിവുകൾ നികത്താനായി ഉടൻതന്നെ തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നതാണ്. ഇത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ 26-1-2026 തീയതി സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

10. ഈ സന്ദർഭത്തിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് NSS ബഹു. ഹൈക്കോടതിയിലെ സിംഗിൾ ബെഞ്ചിൽ കേസ് ഫയൽ ചെയ്തു. അത് തള്ളിയതിന്റെ അടിസ്ഥാനത്തിൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ഫയൽ ചെയ്യുകയും അത് തള്ളിയതിനെതിരെ SLP(C) 11373/2024 നമ്പറിൽ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസിൽ NSS മാനേജ്മെന്റുകൾ ആവശ്യപ്പെട്ട പ്രകാരം ഭിന്നശേഷിക്കാർക്ക് വേണ്ടി സ്കൂളുകളിൽ മാറ്റിവച്ചിട്ടുള്ള തസ്തികകൾ ഒഴിച്ച് ബാക്കി എല്ലാ ജനറൽ കാറ്റഗറിയിലെ തസ്തികകളിലേക്ക് നിയമിച്ചവർക്കും നിയമനാംഗീകാരം നൽകണം എന്ന NSS-ന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് ബഹു. സുപ്രീം കോടതി 4-3-2025-ൽ വിധി പ്രഖ്യാപിച്ചു.

11. ഈ സന്ദർഭത്തിൽ NSS-ന് നൽകിയ അനുമതി തങ്ങൾക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ മാനേജ്മെന്റുകളുടെ ഭാഗത്തു നിന്ന് ശക്തമായ ആവശ്യം ഉയർന്നു വന്നു. അതിന്റെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശം ആരാഞ്ഞു. അവിടെ നിന്നും കിട്ടിയ നിയമോപദേശത്തിൽ ബഹു. സുപ്രീം കോടതിയുടെ വിധി NSS ന് മാത്രം ബാധകമാണെന്നും മറ്റുള്ളവർക്ക് അതിന്റെ ആനുകൂല്യം ലഭിക്കില്ലെന്നും പറഞ്ഞു.

12. ഈ സന്ദർഭത്തിൽ NSS-നു നൽകിയ വിധി മറ്റുള്ളവർക്കും ബാധകമാക്കണമെന്ന് ആവശ്യപ്പെട്ടു ഗവൺമെന്റ് തന്നെ മുകളിൽ പറഞ്ഞ SLP (C) 9566/2023-ൽ സത്യവാങ് മൂലം ഫയൽ ചെയ്തു. പ്രസ്തുത സത്യവാങ് മൂലത്തിൽ ബഹു. സുപ്രീം കോടതി പറഞ്ഞ സമിതി രൂപീകരണം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയ സാഹചര്യത്തിൽ ജനറൽ കാറ്റഗറിയിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരത്തിന് അപ്രൂവൽ നൽകുന്നതിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

13. നായർ സർവീസ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള ഉത്തരവ്, സുപ്രീം കോടതിയുടെ അനുമതിക്ക് വിധേയമായി സമാന സ്ഥിതിയിലുള്ള മറ്റു മാനേജ്മെന്റുകൾക്കും ബാധകമാക്കുക എന്നതാണ് സർക്കാർ നയം. ഇത് സംബന്ധിച്ച് സർക്കാർ സുപ്രീം കോടതിയുടെ അനുമതി തേടിയിരിക്കുകയാണ്. ഈ കേസ് 2026 ഫെബ്രുവരി 2-ന് കോടതിയുടെ പരിഗണനയ്ക്ക് വന്നെങ്കിലും ആയത് 14-4-2026 ലേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇതിൽ ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നതോടെ ഭിന്നശേഷി വിഷയവുമായി ബന്ധപ്പെട്ട് പ്രൊവിഷണൽ - ദിവസവേതന അടിസ്ഥാനത്തിൽ തുടരുന്ന എല്ലാ അധ്യാപകർക്കും അവരുടെ നിയമന തീയതി മുതൽ തന്നെ സ്ഥിര നിയമനം നൽകാൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ കേസ് സർക്കാരിന് വേണ്ടി വാദിക്കുന്നതിനായി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനെയാണ് (ജയദീപ് ഗുപ്ത) നിയോഗിച്ചിട്ടുള്ളത്.

14. ഈ അവസരത്തിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്ന മറ്റ് അധ്യാപകരുടെ ആശങ്കകളെക്കുറിച്ച് സർക്കാരിന് വ്യക്തമായി ബോധ്യമുണ്ട്. ഓരോ എയ്ഡഡ് സ്കൂളിലും ഭിന്നശേഷി നിയമനം പൂർണ്ണമായും പാലിക്കപ്പെടുന്നതുവരെ 2018 നവംബർ 18-നും 2021 നവംബർ 8-നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പള സ്കെയിലിൽ പ്രൊവിഷണലായും, അതിനുശേഷം ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസവേതന അടിസ്ഥാനത്തിലും നിയമനം നൽകാനാണ് കോടതി നിർദ്ദേശിച്ചത്.

15. കോടതി വിധികൾക്കനുസൃതമായി മാത്രമേ സർക്കാരിന് ഉത്തരവുകൾ ഇറക്കാൻ സാധിക്കുമായിരുന്നുള്ളൂ. എങ്കിലും ഇത്തരത്തിൽ പ്രൊവിഷണൽ ആയി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് പെൻ നമ്പർ, ലീവ്, ഗ്രൂപ്പ് ഇൻഷുറൻസ്, പി.എഫ്, സ്ഥാനക്കയറ്റം തുടങ്ങിയ സാധ്യമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വയമേവ സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിലുള്ളവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക്, നിലവിൽ പ്രൊവിഷണലായും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ നിയമന തീയതി മുതൽ തന്നെ ക്രമീകരണം നടത്തുന്നതിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

16. ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അവകാശം സംരക്ഷിക്കുന്നതിനോടൊപ്പം മറ്റു വിഭാഗത്തിലുള്ള അധ്യാപകരുടെ പ്രശ്നങ്ങളും വേഗത്തിൽ പരിഹരിക്കപ്പെടണമെന്നാണ് സർക്കാർ നിലപാട്. അതിനായി നിയമപരമായി ചെയ്യാവുന്നതെല്ലാം സർക്കാർ ചെയ്യുന്നുണ്ട്. എന്നാൽ എൻ.എസ്.എസ് മാനേജ്മെന്റിന് ലഭിച്ച വിധി മറ്റ് മാനേജ്മെന്റുകൾക്കും സമാന രീതിയിൽ ജോലി ചെയ്യുന്ന അധ്യാപകർക്കും ബാധകമാക്കണമെന്ന സർക്കാരിന്റെ അപേക്ഷ ഉടനടി പരിഹരിക്കപ്പെടുമെന്ന് വിശ്വസിക്കുന്നു.

*Government Resolution under Rule 118:*

Shri M. B. Rajesh, Minister for Local Self Governments, Excise and Parliamentary Affairs moved a resolution as per Rule 118. No amendments were moved. The Resolution was adopted unanimously by the House as stated below:

"ഭരണഘടനയുടെ 41-ാം അനുച്ഛേദ പ്രകാരം അവകാശാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിനുള്ള വ്യവസ്ഥ പാലിക്കുന്നതിനും ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന് പരിഹാരമുണ്ടാക്കുന്നതിനുമാണ് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ അധികാരത്തിലിരുന്ന ഒന്നാം യു.പി.എ. സർക്കാർ സുപ്രധാനമായ തൊഴിലുറപ്പ് നിയമം കൊണ്ടുവന്നത്.

നിശ്ചിത സമയത്തിനകം തൊഴിൽ നൽകിയില്ലെങ്കിലുള്ള തൊഴിലില്ലായ്മ വേതനം, വേതനം താമസിച്ചാലുള്ള നഷ്ടപരിഹാരം, തൊഴിൽ സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്കുള്ള ചികിത്സാ സഹായം, ഓംബുഡ്സ്മാൻ ഉൾപ്പെടെയുള്ള പരാതി പരിഹാര സംവിധാനങ്ങൾ, സോഷ്യൽ ഓഡിറ്റ് തുടങ്ങി തൊഴിലാളികൾക്കുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ വ്യവസ്ഥകൾ തൊഴിലുറപ്പ് നിയമത്തിന്റെ സവിശേഷതയായിരുന്നു.

സംസ്ഥാനത്ത് 40.45 ലക്ഷം കുടുംബങ്ങളാണ് പദ്ധതിയിൽ അംഗമായിട്ടുള്ളത്. ഇതിൽ 19.43 ലക്ഷം കുടുംബങ്ങളിലായി 22.66 ലക്ഷം തൊഴിലാളികൾ സജീവമാണ്. ഈ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനും അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് നാം സ്വീകരിച്ചു വരുന്നത്. ഇത് വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുമുണ്ട്. 2024-25-ലെ കണക്ക് പ്രകാരം ദേശീയതലത്തിൽ 50.23 തൊഴിൽ ദിനങ്ങളാണ് ശരാശരി നൽകുന്നത്. സംസ്ഥാനത്ത് ഇത് 66.17 ആണ്.

കേന്ദ്ര പദ്ധതി നടപ്പാക്കുന്നതോടൊപ്പം അതിലുപരിയായി കൂടുതൽ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനം നൽകിവരുന്നുണ്ട്. 100 ദിവസത്തിന് ഉപരിയായി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിൽ ഏർപ്പെടുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസം കൂടി തൊഴിൽ അനുവദിക്കുന്നതിന് 'ട്രൈബൽ പ്ലസ്' പദ്ധതി കേരളത്തിൽ നടപ്പിലാക്കി. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവച്ചു. 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഉത്സവബത്തയായി 1,000 രൂപ വീതം അനുവദിച്ചു. 2025-26 സാമ്പത്തിക വർഷം ഇത് 1,200 രൂപയായി ഉയർത്തി. കൂടാതെ രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. നഗര പ്രദേശത്തെ തൊഴിലാളികൾക്കായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുകയും അവരെ കൂടി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

തൊഴിലുറപ്പ് നിയമം നടപ്പിലാക്കുന്നതിന് കേന്ദ്ര വിഹിതം നൽകുന്നതിൽ കുടിശ്ശിക വരുത്തുന്നതുൾപ്പെടെ വിവിധ രീതിയിലുള്ള പ്രതിബന്ധങ്ങൾ കേന്ദ്ര സർക്കാർ സൃഷ്ടിച്ചിരിക്കെയാണ് നിലവിലുണ്ടായിരുന്ന നിയമം തന്നെ റദ്ദാക്കിയത്.

'വികസിത് ഭാരത്-ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' (VB-GRAMG) എന്ന പുതിയ നിയമം സംസ്ഥാനങ്ങൾക്ക് കടുത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കും. നിലവിലുണ്ടായിരുന്ന നിയമത്തിന്റെ അന്തഃസത്ത ആയിരുന്ന അവകാശാധിഷ്ഠിത സമീപനം പുതിയ നിയമത്തോടെ ഇല്ലാതായിരിക്കുകയാണ്.

കേന്ദ്രസർക്കാർ ഒരു വിഹിതം (Normative Allocation) നിശ്ചയിക്കുകയും അതിന്റെ 40% സംസ്ഥാനങ്ങൾ വഹിക്കുകയും ചെയ്യണമെന്നതാണ് പുതിയ വ്യവസ്ഥ. ഈ വിഹിതത്തിന് ഉപരിയായ തൊഴിൽ ദിനങ്ങളുടെ പൂർണ്ണ ബാധ്യത സംസ്ഥാനങ്ങളുടേതായിരിക്കും.

ഇതിലൂടെ കേരളത്തിന് 3500 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. 100 ദിവസം എന്നത് 125 ദിവസമായി ഉയർത്തുന്നത് മൂലമുള്ള അധിക സാമ്പത്തിക ബാധ്യതയും സംസ്ഥാനങ്ങൾക്കായിരിക്കും.

ഗ്രാമപഞ്ചായത്തുകളെ എ, ബി, സി എന്നിങ്ങനെ തരംതിരിക്കണമെന്നും കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാവുക എന്നും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വികസിതമാണ്. ആയതിനാൽ അത്തരം ഗ്രാമപഞ്ചായത്തുകൾ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടാൻ ഇടയാവുകയും അതിലൂടെ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്യും.

പുതിയ നിയമപ്രകാരം തൊഴിലില്ലായ്മ വേതനം, കൃത്യസമയത്ത് കൂലി നൽകിയില്ലെങ്കിലുള്ള നഷ്ടപരിഹാരം എന്നിവ നൽകാനുള്ള ബാധ്യത സംസ്ഥാനങ്ങൾക്കാണ്. സംസ്ഥാനങ്ങളുടെ വിഹിതം നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിലനിർത്തുകയും അധിക ബാധ്യതയുടെ പൂർണ്ണ ഉത്തരവാദിത്വം സംസ്ഥാനങ്ങളുടെ മേൽ കെട്ടിവയ്ക്കുകയുമാണ്.

സംസ്ഥാനങ്ങളെ ഗുരുതരമായി ബാധിക്കുന്നതും ജനവിരുദ്ധവും തൊഴിൽ അവകാശം നഷ്ടപ്പെടുത്തുന്നതുമായ പുതിയ നിയമത്തിനെതിരെ ശക്തമായ പ്രക്ഷോഭത്തിലാണ് കേരളത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾ.

ഈ സാഹചര്യത്തിൽ ദാരിദ്ര്യ ലഘൂകരണത്തെ പിന്നോട്ടടിപ്പിക്കുന്നതും തൊഴിൽ നൽകൽ ചുമതല സംസ്ഥാനങ്ങളുടെ ബാധ്യതയാക്കുന്നതുമായ പുതിയ നിയമം പിൻവലിച്ച് 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പുനഃസ്ഥാപിക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു."

*Financial Business:*

Discussion and Voting on the Final Supplementary Demands for Grants in the Budget for the Financial Year 2025-2026:

Motions for the Final Supplementary Demands for Grants in the Budget for the Financial Year 2025-2026 in respect of Demands II, III, IV, XII, XIII, XXIII, VIII, XXII, XXXV, XI, XXVI, XV, XLII, XVI, XLV, XVII, XXIV, XVIII, XIX, XX, XXV, XXVII, XL, XXX, XXXII, XXXIII, XXXVII, XXXIX, XLI and XLVI were moved by the respective Ministers. The motions were seconded. Subsequently, the Supplementary Demands in Demand numbers II, III, IV, XII, XIII, XXIII, VIII, XXII, XXXV, XI, XXVI, XV, XLII, XVI, XLV, XVII, XXIV,

XVIII, XIX, XX, XXV, XXVII, XL, XXX, XXXII, XXXIII, XXXVII, XXXIX, XLI and XLVI were passed by the House after voting, and the Supplementary Demands in Demand numbers I and XXVIII were passed without discussion.

*Legislative Business:*

Introduction and further stages of The Kerala Appropriation Bill, 2026:

Shri K. N. Balagopal, Minister for Finance, moved a motion to partially amend the Calendar of the Sixteenth Session of the Fifteenth Kerala Legislative Assembly and the List of Business for 5-2-2026, to enable the introduction and consideration of The Kerala Appropriation Bill, 2026. The House adopted the motion.

Shri K. N. Balagopal, Minister for Finance, introduced The Kerala Appropriation Bill, 2026 and moved that the Bill be taken up for consideration. Then the motion was adopted, and the Bill was taken up for clause-by-clause consideration and was passed by the House without amendments.

The House adjourned at 9.51 a.m. to meet again at 9.00 a.m. on Monday, February 23, 2026.

DR. N. KRISHNA KUMAR,
*Secretary.*